**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 565** **23-02-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകൾക്ക് ഉണ്ടായിട്ടുള്ള കേടുപാടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ കിൻഫ്ര പാർക്കിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭാഗമായി റോഡുകൾക്ക് ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കിൻഫ്ര അധികാരികൾ തുക അടച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അടച്ച തുക, തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ നിന്നും കിൻഫ്ര പാർക്ക് കഞ്ചിക്കോടിലേക്ക് വെള്ളം കൊണ്ടു പോകുന്ന പദ്ധതിയിലേക്കായി 3,12,52,790/- രൂപ (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറു രൂപ) രണ്ടു ഘട്ടങ്ങളിലായി പി.ഡബ്ല്യൂഡി യിൽ അടച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ഘട്ടം1: 65,62,756/- (അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുനൂറ്റി അമ്പത്തി ആറ്) രൂപ ഡി.ഡി.നമ്പർ 927751 തീയതി 17/11/2017 മുഖാന്തിരം കെ.ഡബ്ല്യൂ.എ. പി.ഡബ്ല്യൂഡി-യിൽ അടക്കുകയുണ്ടായി. ഘട്ടം 2: പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ അലൈന്മെന്റിൽ വന്ന വ്യതിയാനത്തിൽ പി.ഡബ്ല്യൂഡി കണക്കാക്കിയ അധിക തുകയായ 2,46,90,034 (രണ്ട് കോടി നാല്പത്തി ആറു ലക്ഷത്തി തൊണ്ണൂറായിരത്തി മുപ്പത്തി നാലു രൂപ) കിൻഫ്രയ്ക്ക് പി.ഡബ്ല്യൂഡി തിരികെ നല്കാനുള്ള 45,64,225/- (നാല്പത്തി അഞ്ച് ലക്ഷത്തി അറുപത്തി നാലായിരത്തി ഇരുനൂറ്റി ഇരുപത്തിയഞ്ച് രൂപ) കിഴിച്ച് 2,01,25,809 (രണ്ട് കോടി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി ഒമ്പത് രൂപ ) ചെക്ക് നമ്പർ 16286 തീയതി 12/08/2020 മുഖാന്തിരം അടക്കുകയുണ്ടായി. ഇതു കൂടാതെ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ തന്നെയുള്ള കിൻഫ്രയുടെ ടെക്സ്റ്റൈൽ പാർക്കിൽ നിന്നും കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിലേക്ക് വെള്ളം കൊണ്ടു പോകുന്ന പദ്ധതിയിലേക്ക് ആകെ 90,09,325/- (തൊണ്ണൂറു ലക്ഷത്തി ഒമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ ) ഒടുക്കിയിട്ടുണ്ട്. |
| (ബി) | റോഡിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിന് തുക അടയ്ക്കണം എന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് | (ബി) | ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും കിൻഫ്ര അധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വകുപ്പിൽ നിന്നും കിൻഫ്ര അധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

കേരള പൊതുമരാമത്ത് വകുപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
നിരത്തുകൾ വിഭാഗം, സിവിൽ സ്റ്റേഷൻ, പാലക്കാട്

e-mail- eerbpkd.pwd@kerala.gov.in
ഫോൺ - 04912505565

എ2/ഡി.എൻ/KINFRA/1019573/24082/2021 തിയ്യതി 13/12/2021

പ്രേഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ),
കിൻഫ്രാ മെഗാ ഫുഡ് പാർക്ക്,
കോഴിപ്പാറ, പാലക്കാട് -678557.

സർ,

വിഷയം:- കനാൽപിരിവ് -പോക്കാൻ തോട് റോഡ് കി.മീ. 4/300-5/400-ൽ കടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡിന്റെ ബി.ടി.(ചിപ്പിങ് കാർപ്പെറ്റ്) ബേം(വലതുവശം), കീറിമുറിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക -പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1) ഓൺലൈൻ അപേക്ഷ നമ്പർ ROW/1019573/24082 തിയ്യതി 30/11/2021 .
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, പാലക്കാട് സമർപ്പിച്ച ഓൺലൈൻ എസ്റ്റിമേറ്റ്.
3) താങ്കളുടെ കാര്യാലയത്തിലെ 10/12/2021 തിയ്യതിയിലെ KIN/MFP/V/C-42/39/2021-22 നമ്പർ കത്ത്.
4) പരിപത്രം നമ്പർ CE/R&B/GL-RC/2/2019 തിയ്യതി 31.03.2019.

*****

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിഷയത്തിൽ സൂചിപ്പിച്ച പ്രവൃത്തിയുടെ റെസ്റ്റൊറേഷൻ തുകയായ 3661730/- (മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി ഒന്നായിരത്തി എഴുന്നൂറ്റി മുപ്പതുരൂപ മാത്രം) പാലക്കാട്, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ അല്ലെങ്കിൽ ട്രഷറിയിൽ 8443-00-108-പി.ഡബ്ല്യൂ-ഡെപ്പോസിറ്റ്, ഡി.ഡി.ഒ. കോഡ് 140159 C-001 എന്ന ശീർഷകത്തിൽ പണമടച്ചതിന്റെ ഒറിജിനൽ ചലാൻ ഈ കാര്യാലയത്തിൽ ഹാജരാക്കി അനുമതി വാങ്ങേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്:- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, പാലക്കാട് .

Rabna-
സെക്ഷൻ ഓവീസർ

അനുബന്ധം

ഭരണഭാഷ - മാതൃഭാഷ

**കേരള പൊതുമരാമത്ത് വകുപ്പ്**

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
നിരത്തുകൾ വിഭാഗം, സിവിൽ സ്റ്റേഷൻ, പാലക്കാട്

e-mail- eerbpkd.pwd@kerala.gov.in
ഫോൺ - 04912505565

എ2/ഡി.എൻ/KINFRA/1019572/24081/2021 — തീയ്യതി 13/12/2021

പ്രേഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

അസിസ്റ്റന്റ് മാനേജർ (ടെക്നിക്കൽ),
കിൻഫ്രാ മെഗാ ഫുഡ് പാർക്ക്,
കോഴിപ്പാറ, പാലക്കാട് -678557.

സർ,

വിഷയം:- മേനോൻപാറ-ചുള്ളിമട റോഡ് കി.മീ. 2/660-4/100-ൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡിന്റെ ബി.ടി.(ബി.എം & ബി.സി) ബേം(ഇടതുവശം), കീറിമുറിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക-പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1) ഓൺലൈൻ അപേക്ഷ നമ്പർ ROW/1019572/24081 തിയ്യതി 30/11/2021 .
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, പാലക്കാട് സമർപ്പിച്ച ഓൺലൈൻ എസ്റ്റിമേറ്റ്.
3) താങ്കളുടെ കാര്യാലയത്തിലെ 10/12/2021 തിയ്യതിയിലെ KIN/MFP/V/C-42/39/2021-22 നമ്പർ കത്ത്.
4) പരിപത്രം നമ്പർ CE/R&B/GL-RC/2/2019 തിയ്യതി 31.03.2019.

*****

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിഷയത്തിൽ സൂചിപ്പിച്ച പ്രവൃത്തിയുടെ റെസ്റ്റൊറേഷൻ തുകയായ 5847595/- (അമ്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റിയഞ്ച് രൂപാ മാത്രം) പാലക്കാട്, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ അല്ലെങ്കിൽ ട്രഷറിയിൽ 8443-00-108-പി.ഡബ്ല്യൂ-ഡെപ്പോസിറ്റ്, ഡി.ഡി.ഒ. കോഡ് 140159 C-001 എന്ന ശീർഷകത്തിൽ പണമടച്ചതിന്റെയും മേൽ റോഡുകൾ ഡിഫെക്ട് ലയബിലിറ്റി പിരിഡിലായതിനാൽ 4093315/- രൂപയുടെ TSD / BG ആയി 30/01/2025 വരെ പാലക്കാട്, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പ്ലഡ്ജ് ചെയ്തതിന്റേയും അസ്സൽ രേഖകൾ ഈ കാര്യാലയത്തിൽ ഹാജരാക്കി അനുമതി വാങ്ങേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്:- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, പാലക്കാട് .

Rabna
സെക്ഷൻ ഓഫീസർ